**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 620** **28-06-2022 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പ് സംരംഭക വർഷമായി വിഭാവനം ചെയ്യുന്ന 2022-23 സാമ്പത്തിക വർഷത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് വ്യക്തമായ തന്ത്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (എ) | വിവിധ വകുപ്പുകൾ/ഏജൻസികളുടെ സംയോജനത്തോടെ 2022-23 സാമ്പത്തിക വർഷം 1 ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക എന്ന പദ്ധതി, വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് 1153 ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്. ഇന്റേണുകൾ മുഖാന്തിരം സംരംഭം തുടങ്ങാനുദ്ദേശിക്കുന്നവരുടെ വിവരശേഖരണം നടത്തി അവർക്ക് സംരംഭം ആരംഭിക്കാൻ ആവശ്യമായ സഹായങ്ങൾ നൽകി വരുന്നു. 30/03/2022 ലെ സ.ഉ.(സാധാ) നം.289/2022/ID പ്രകാരം സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ തദ്ദേശസ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ജില്ലകളിൽ ഇവ എങ്ങനെയാണ് നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ജില്ലകളിലെ നിക്ഷേപകരെ കണ്ടെത്താനും സംരംഭകർക്കാവശ്യമായ ഓൺലൈൻ സേവനങ്ങളായ ലൈസൻസ്, സബ്സിഡി, ലോൺ മുതലായവയ്ക്കുള്ള അപേക്ഷകൾ തയ്യാറാക്കി നൽകൽ, സംരംഭകർക്കുള്ള മറ്റു കൈത്താങ്ങ് സഹായങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും തദ്ദേശ സ്ഥാപനതലത്തിൽ നിയമിച്ചിട്ടുള്ള ഇന്റേർണുകളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിങ് സഹായം ലഭ്യമാക്കാനും |

| | | | |
|---|---|---|---|
| | | | അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ